# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 നവംബർ 1

# വാർത്താക്കുറിപ്പ്

## പി.ജി., ബി. എഡ് ക്ലാസ്സുകൾ നാളെ (നവംബർ 3) മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാല 2021 -22 അക്കാദമിക വർഷത്തെ ഒന്നാം സെമസ്റ്റർ ബിരുദാനന്തര - ബിരുദ, ബി എഡ് ക്ലാസ്സുകൾ നാളെ (നവംബർ മൂന്നിന്) ആരംഭിക്കും. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്കും ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകൾക്കും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(പി.ആർ.ഒ/39/1234/2021)

## പുതുക്കിയ പരീക്ഷ തീയതി

നവംബർ എട്ടിന് നടത്താനിരുന്ന എട്ടാം സെമസ്റ്റർ ബി.എച്ച്.എം. (ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് - 2017 അഡ്മിഷൻ - റഗുലർ/ 2013-2016 അഡ്മിഷൻ - സപ്ലിമെന്ററി - ഫുഡ് ആന്റ് ബിവറേജസ് കൺട്രോൾസ് ആന്റ് മാനേജ്മെന്റ് പരീക്ഷ നവംബർ 17ന് നടക്കും. പരീക്ഷ സമയത്തിനും കേന്ദ്രത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/1235/2021)

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.എസ് സി. മെഡിക്കൽ ബയോകെമിസ്ട്രി (2020 അഡ്മിഷൻ - റഗുലർ/ 2019, 2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 24 മുതൽ നടക്കും. പിഴയില്ലാതെ നവംബർ എട്ടുവരെയും 525 രൂപ പിഴയോടെ നവംബർ ഒൻപതുവരെയും 1050 രൂപ സൂപ്പർഫൈനോടെ നവംബർ 10 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/1236/2021)

## അപേക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.എസ് സി. മെഡിക്കൽ ബയോകെമിസ്ട്രി (2019 അഡ്മിഷൻ - റഗുലർ/ 2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾക്ക് 525 രൂപ പിഴയോടെ നവംബർ രണ്ടിനും 1050 രൂപ സൂപ്പർഫൈനോടെ നവംബർ മൂന്നിനും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1237/2021)

അഞ്ചാം സെമസ്റ്റർ എം.എസ് സി. മെഡിക്കൽ ബയോകെമിസ്ട്രി (2018 അഡ്മിഷൻ റഗുലർ/ 2016-2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 10 മുതൽ നടക്കും. 525 രൂപ പിഴയോടെ നവംബർ രണ്ടുവരെയും 1050 രൂപ | സൂപ്പർഫൈനോടെ നവംബർ മൂന്നുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1238/2021)

## പരീക്ഷ നവം.16 മുതൽ

മൂന്നാം സെമസ്റ്റർ ബി.ടെക് (പുതിയ സ്കീം - 2010 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/ മേഴ്സിചാൻസ്) പരീക്ഷകൾ നവംബർ 16ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1239/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി നടത്തുന്ന എം.എസ് സി. ബോട്ടണി ആന്റ് പ്ലാന്റ് സയൻസ് ടെക്നോളജിയുടെ 2021 ബാച്ച് പ്രവേശനത്തിൽ എസ്.ടി. വിഭാഗക്കാർക്കായി സംവരണം ചെയ്ത സീറ്റിൽ ഒരൊഴിവുണ്ട്. വിശദവിവരത്തിന് ഫോൺ: 9497664697.

(പി.ആർ.ഒ/39/1240/2021)

മഹാത്മാഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ യോഗിക് സയൻസ്, ഡിജിറ്റൽ മാർക്കറ്റിംഗ്, അപ്ലൈഡ് ക്രിമിനോളജി എന്നീ കോഴ്സുകളിൽ ഏതാനും സീറ്റൊഴിവുണ്ട്. വിശദ വിവരത്തിന് ഫോൺ: 8301000560, 9544981839.

(പി.ആർ.ഒ/39/1241/2021)

## സ്പോട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് വകുപ്പിൽ എം.ടെക് എനർജി സയൻസ് ബാച്ചിലേക്ക് (2021 അഡ്മിഷൻ) ജനറൽ വിഭാഗത്തിൽ മൂന്നും ഈഴവ, ധീവര, എൽ.സി., ഇ.ഡബ്ല്യു.എസ്., എച്ച്.ഒ.ബി.സി. വിഭാഗങ്ങളിൽ ഓരോ സീറ്റും ഒഴിവുണ്ട്. അർഹരായ വിദ്യാർഥികൾ അസൽ യോഗ്യത രേഖകളുമായി നവംബർ അഞ്ചിന് ഉച്ചയ്ക്ക് 12ന് എഡി.എ11 സെക്ഷനിൽ എത്തണം. ഈഴവ, ധീവര, എൽ.സി., ഇ.ഡബ്ല്യു.എസ്., എച്ച്.ഒ.ബി.സി. വിഭാഗങ്ങളിലുള്ള വിദ്യാർഥികൾ നിശ്ചിതസമയത്ത് ഹാജരാകാത്തപക്ഷം പ്രസ്തുത സീറ്റുകളിലേക്ക് ജനറൽ വിഭാഗം വിദ്യാർഥികളെ നവംബർ എട്ടിന് രാവിലെ 11ന് പരിഗണിക്കും. യോഗ്യത സംബന്ധമായ വിശദവിവരങ്ങൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും. വിശദവിവരത്തിന് ഫോൺ: 9400630354.

(പി.ആർ.ഒ/39/1242/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടത്തുന്ന എം.എസ് സി. കെമിസ്ട്രി - 2021-2023 ബാച്ചിൽ പട്ടികജാതി വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള മൂന്ന് ഒഴിവുകളിലേക്ക് സ്പോട് അഡ്മിഷൻ നടത്തുന്നു. ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യരായ വിദ്യാർഥികൾ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി നവംബർ മൂന്നിന് ഉച്ചയ്ക്ക് 12ന് മുമ്പ് പഠനവകുപ്പിൽ എത്തണം. രജിസ്റ്റർ ചെയ്യുന്ന അപേക്ഷകരുടെ മെറിറ്റ് അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുക. എൻ.എസ്.എസ്./ എൻ.സി.സി./ എക്സ് സർവീസ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് നിയമാനുസൃതമായ വെയിറ്റേജ് മാർക്കുകൾ ലഭിക്കും. വിശദവിവരത്തിന് ഫോൺ: 0481-2731036, ഇമെയിൽ: office.scs@gmail.com

(പി.ആർ.ഒ/39/1243/2021)

## പരീക്ഷഫലം

2021 ജൂലൈയിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.പി.എഡ്. (റഗുലർ - 2019 അഡ്മിഷൻ) പരീക്ഷയുടെ ഫലം | പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1244/2021)

## സ്പെഷൽ ടീച്ചർ നിയമനം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ സ്പെഷൽ ടീച്ചർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. ഓപ്പൺ വിഭാഗത്തിലും എസ്.സി. വിഭാഗത്തിലും ഓരോ ഒഴിവുകളാണുള്ളത്. പ്ലസ്ടു/പ്രീഡിഗ്രി അല്ലെങ്കിൽ തത്തുല്യ യോഗ്യതയും സ്പെഷൽ എജ്യൂക്കേഷനിൽ ചുരുങ്ങിയത് ഒരു വർഷത്തെ അംഗീകൃത പരിശീലനവും ഉള്ളവരായിരിക്കണം അപേക്ഷകർ.കൂടാതെ മാനസികവും ശാരീരികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടി ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ രണ്ടു വർഷത്തിൽ കുറയാതെയുള്ള അധ്യാപന പരിചയവും ഉണ്ടായിരിക്കണം. പ്രായം 2021 ജനുവരി ഒന്നിന് 39 വയസ് കവിയരുത്. പട്ടിക വിഭാഗത്തിൽപ്പെട്ടവർക്കും പിന്നാക്ക വിഭാഗക്കാർക്കും നിയമാനുസൃത വയസിളവ് ലഭിക്കും. താല്പര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പം www.mgu.ac.in എന്ന സർവകലാശാല വെബ് സൈറ്റിൽ കൊടുത്തിട്ടുള്ള നിശ്ചിത അപേക്ഷഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ada5@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് നവംബർ 10ന് വൈകീട്ട് അഞ്ചിനകം ലഭിക്കത്തക്കവിധം അയയ്ക്കണം. 'ആപ്ലിക്കേഷൻ ഫോർ ദി പോസ്റ്റ് ഓഫ് സ്പെഷൽ ടീച്ചർ (എസ്.ഇ.ബി.എസ്.)' എന്ന് സബ്ജക്ട് ഹെഡ് ചേർത്തായിരിക്കണം ഇമെയിൽ അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷക്കൊപ്പം പ്രായം (എസ്.എസ്.എൽ.സി.), വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജാതി, അധികയോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ കൂടി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1245/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 നവംബർ 1

## വാർത്താക്കുറിപ്പ് - 2

### ദീപ പി.മോഹനൻ ഉന്നയിച്ച സുപ്രധാന ആവശ്യങ്ങൾ സർവകലാശാല അംഗീകരിക്കുവാൻ തീരുമാനം

നവംബർ ഒന്നിന് വൈസ് ചാൻസലറുടെ ചേംബറിൽ കൂടിയ ഒത്തുതീർപ്പ് ചർച്ചയിൽ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് വൈസ് ചാൻസലർ, പ്രോ വൈസ് ചാൻസലർ, സിൻഡിക്കേറ്റംഗങ്ങൾ, രജിസ്ട്രാർ, അധ്യാപകർ എന്നിവരും ദീപ പി. മോഹനൻ, റോബിൻ ജോബ്, മൺസൂർ കൊച്ചുകടവ് എന്നിവരും പങ്കെടുത്തു. സർവകലാശാല ദീപയുമായി നേരത്തെ നടത്തിയ ചർച്ചകളിൽ മുന്നോട്ടുവച്ച എല്ലാ നിർദ്ദേശങ്ങളും നടപ്പാക്കുന്നതിന് സന്നദ്ധമാണെന്ന് ഈ മീറ്റിംഗിലും ഉറപ്പുനൽകി.

ഗവേഷണ കാലയളവിലെ എല്ലാ ഫീസുകളും ഒഴിവാക്കി നൽകുന്നതിനും ഹോസ്റ്റൽ സൗകര്യം അനുവദിക്കുന്നതിനും ലാബ്, ലൈബ്രറി എന്നിവ പൂർണ അക്കാദമിക സ്വാതന്ത്ര്യത്തോടെ അനുവദിച്ചുനൽകുന്നതിനും സർവകലാശാല സമ്മതം അറിയിച്ചു. സമവായമെന്ന നിലയിൽ വൈസ് ചാൻസലർ തന്നെ ദീപയുടെ ഗൈഡാകാമെന്നും ദീപയ്ക്ക് സ്വീകാര്യമായ മറ്റൊരു ഗൈഡിനെക്കൂടി അനുവദിക്കാമെന്നും സർവകലാശാല അധികൃതർ ഉറപ്പുനൽകി. ഡോ. നന്ദകുമാർ കളരിക്കലിനെ പുറത്താക്കണമെന്ന ദീപയുടെ ആവശ്യം പരിഗണിക്കാൻ സാങ്കേതിക തടസമുണ്ടെന്നും ബഹു. പട്ടികജാതി പട്ടികവർഗ കമ്മീഷന്റെയും ബഹു. കേരള ഹൈക്കോടതിയുടെയും വിധിയുള്ളതിനാൽ തുടർനടപടിയെടുക്കുന്നതിന് മുമ്പായി കൂടുതൽ വിവരശേഖരണവും പഠനവും ആവശ്യമാണെന്നും സർവകലാശാല അധികൃതർ ചർച്ചയിൽ അറിയിച്ചു. ഇതുകൂടാതെ സംസ്ഥാന പട്ടികജാതി പട്ടികവർഗ കമ്മീഷന്റെ ഉത്തരവ് പ്രകാരം രൂപീകരിച്ച ഹൈപ്പവർ കമ്മറ്റിയുടെ 2021 ഒക്ടോബർ 18ന് ചേർന്ന യോഗം ദീപ പി. മോഹനന് അവരുടെ ഗവേഷണം തുടരുന്നതിന് അനുവാദം നൽകുകയും ആവശ്യമായ സൗകര്യം ഒരുക്കണമെന്ന് സർവകലാശാലയോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇന്നത്തെ യോഗം ഹൈപ്പവർ കമ്മറ്റി തീരുമാനങ്ങൾ പൂർണമായി അംഗീകരിക്കുകയും കമ്മിറ്റിയുടെ ഫീസിളവ് എന്ന നിർദ്ദേശത്തിനു പകരം പൂർണമായും ഫീസ് ഒഴിവാക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ഇത്രയും ആവശ്യങ്ങൾ അംഗീകരിച്ചുവെങ്കിലും ഡോ. നന്ദകുമാർ കളരിക്കലിനെ പുറത്താക്കണമെന്ന ആവശ്യം അംഗീകരിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിനിധി സംഘം ഇറങ്ങിപ്പോവുകയാണുണ്ടായത്.

(പി.ആർ.ഒ/39/1246/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ